"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.ഗിരീശൻ.പി.എം (അക്കൗണ്ടന്റ്, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്)-ന്റെ കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.890/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/04/2021

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/തസ്വഭവ നം. സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി) നം.580/2013/ധന

3 16.12.2017-ലെ സ.ഉ(സാധാ) നം.4069/2017/തസ്വഭവ

4 04.09.2019-ലെ സ.ഉ(സാധാ) നം.1921/2019/തസ്വഭവ

5 01/07/2020-ലെ സ.ഉ(സാധാ) നം.1306/2020/തസ്വഭവ

6 15.10.2020-ലെ സ.ഉ(സാധാ) നം.1924/2020/തസ്വഭവ

7 കുടുംബശ്രീ ഡയറക്ടറുടെ 30.03.2021-ലെ 12975/ഇ1/2017/ കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

8 09.04.2021-ലെ സ.ഉ(പി) നം.60/2021/ധന

ഉത്തരവ്

കോഴിക്കോട് കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ആയ ശ്രീ. ഗിരീശൻ.പി.എം-നെ പരാമർശം (3)-ലെ സർക്കാർ ഉത്തരവു പ്രകാരം കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4), (5), (6) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 08.02.2021 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവനകാലാവധി 08.02.2021-ൽ അവസാനിച്ചതായും 09.02.2021 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (7)-ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഗിരീശൻ.പി.എം-ന്റെ കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 09.02.2021 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE M
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.ഗിരീശൻ. പി.എം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ),കേരള
തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ